
ിഭാഗിക്കുക"
15)

## "വരാനുള്ള കാലം"
(എഫെസ്യർ 2:7)




## ബൈബിൾ മനസ്സിലാക്കേണ്ടതെങ്ങനെ ?

'സത്യവചനത്തെ നേരായി വിഭജിച്ചുകൊണ്ട് അഭിമാനിക്കാൻ അവകാശമുള്ള വേലക്കാരനായി ദൈവതിരുമുമ്പിൽ അർഹതയോടെ പ്രത്യക്ഷപ്പെടാൻ നീ ശ്രമിക്കുക.' (2 തിമൊ. 2 : 15)

മനുഷ്യരാശിയുമായുള്ള ദൈവത്തിന്റെ നടപടികളിൽ മൗലികമായി വസിക്കുന്ന ത്രിവിധ വിഭജനം എഫെ 2–ൽ പൌലോസ് അപ്പോസ്തലൻ പ്രസിദ്ധമാക്കുന്നു: ***മുമ്പുള്ള കാലം*** (വാക്യം 11,12), ***ഇപ്പോഴുള്ള കാലം***(വാക്യം13), ***വരാനുള്ള കാലം***(വാക്യം7). ദൈവനിവേശിതമായ ഈ വ്യവസ്ഥിതിയനുസരിച്ച് ബൈബിൾ 'അടുക്കിവെക്കുമ്പോൾ' നമ്മൾ വായിക്കുന്ന***തെന്ത്*** എന്നതിനെപ്പറ്റിയും കൂടാതെ അത് എഴുതപ്പെട്ടത് ***എന്ന്*** എന്നതിനെപ്പറ്റിയും എഴുതപ്പെട്ടത് ***ആരോടാണ്*** എന്നതിനെപ്പറ്റിയും ഒരു മേൽക്കാഴ്ച അനായാസമായി നമുക്കു കിട്ടുന്നു. അങ്ങനെ ദൈവവചനം തന്നെ അതിന്റെ അനുയോജ്യമായ ഉൾക്കൊള്ളലിനും നേരായ വിഭജനത്തിനും വേണ്ടതായ താക്കോൽ നമുക്കു തരുന്നു.

***മുമ്പുള്ള കാലം: മുമ്പുള്ള കാല***ത്തിന്റെ അടിസ്ഥാനപരമായ പ്രതിപാദ്യം പരിച്ഛേദനവും അപരിച്ഛേദനവും തമ്മിലും യിസ്രായേൽ ജാതിയും പുറജാതികളും തമ്മിലും സ്ഥിതിചെയ്യുന്ന വിഭജനമാണെന്ന് എഫെ. 2:11,12 പ്രസിദ്ധമാക്കുന്നു. ദൈവം മനുഷ്യനുമായി ഇടപെടുന്ന പ്രക്രിയയിൽ ഈ കാര്യത്തിന്റെ മേൽക്കോയ്മ നിങ്ങൾ കാണുമ്പോൾ ***മുമ്പുള്ള കാല***ത്തിലാണ് നിങ്ങൾ നിൽക്കുന്നതെന്നു നിങ്ങൾ അറിയുന്നു. ***'പഴയ നിയമ'*** (ഉല്പ. 17:9–14, ആവ. 4:5–8, സംഖ്യ 23:9, എന്നിവ കാണുക)ത്തെയും ***മത്തായി തൊട്ടു യോഹന്നാൻ വരെ***യുള്ളതിനെയും (റോമ. 15:8, മത്താ. 10:5,6; 15:24; യോഹ 4:22, എന്നിവ കാണുക) ***അ.പ്ര. ആദ്യകാല***ഘട്ടത്തെയും (ലൂക്കോ. 24:47, അ.പ്ര. 1:6,8 ; 2:14, 22, 36; 5:32, 11:19, എന്നിവ) ഇതുൾക്കൊള്ളുന്നു.

***ഇപ്പോഴുള്ള കാലം: ഇപ്പോഴുള്ള കാലം*** എന്ന വിഭാഗത്തിൽ പുറജാതികൾ ഇനിയങ്ങോട്ടു 'വിദൂരസ്ഥർ' അല്ലെന്നും എന്നാൽ അതിലേറെ യിസ്രായേലും പുറജാതികളും തമ്മിലുള്ള 'വിഭജനത്തിന്റെ നടുച്ചുമർ' 'ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്നും ***ഇപ്പോൾ വിദൂരസ്ഥരായിരുന്ന നിങ്ങൾ സമീപസ്ഥരായിരിക്കുന്നു'വെന്നും*** എഫെ. 2:13 സൂചിപ്പിക്കുന്നു. ***റോമർ തൊട്ട് ഫിലെമോൻ വരെ***യിലാണ് കൃപായുഗത്തിന്റെ സിദ്ധാന്തം ലഭ്യമാകുന്നത് (റോമ. 11:13; 15:16; 16:25; 1കൊരി. 14:37; എഫെ. 3:1–9).

***വരാനുള്ള കാലം:*** തന്റെ ലക്ഷ്യങ്ങൾ ദൈവം ഫലവത്താക്കുമെന്നതുകൊണ്ട് എഫേ. 2:7 ***വരാനുള്ള കാല***ത്തിലേയ്ക്കു വിരൽ ചൂണ്ടുന്നു. ***എബ്രായർ മുതൽ വെളിപ്പാട് വരെ***യുള്ള ഗ്രന്ഥങ്ങൾ ഇതിന്റെ നേർക്ക് കേന്ദ്രീകൃതമാണ്.

ഇക്കാലത്തിന്റേതായ കൃപാപരിക്രമത്തിന്റെ (എഫേ. 3:1–9) രഹസ്യാത്മകവും മറയ്ക്കപ്പെട്ടതുമായ പ്രകൃതത്തിന്റെ പ്രാധാന്യം എടുത്തുകാട്ടാൻ ഒരു ***മടക്കുതുറഭാഗം*** ഈ രേഖാചിത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'മർമ്മ'ത്തെ സംബന്ധിക്കുന്ന ഭാഗം മറച്ചുപിടിച്ചുകൊണ്ട് ഈ രേഖാചിത്രം മടക്കുക; ***'ലോകാരംഭം മുതൽ*** തന്റെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം ദൈവം അരുൾ ചെയ്ത' (അ.പ്ര. 3:21) അരുളപ്പാടിന്റെ കറയറ്റ അനുസ്യൂതി നിങ്ങൾ അപ്പോൾ കാണുന്നതാണ്. ***'മർമ്മ'ത്തിന്റെ പദ്ധതി*** വെളിവാക്കുവാൻ രേഖ തുറക്കുക, ***ലോകാരംഭം മുതൽ രഹസ്യമാക്കി വെച്ചതും എന്നാൽ ഇപ്പോൾ വെളിപ്പെടുത്തപ്പെട്ടതുമായ*** മർമ്മത്തിന്റെ വെളിപ്പാട് (റോമ.16:25,26) താൽക്കാലികമായി എങ്ങനെ ഭംഗം വന്നുവെന്ന് കാണ്മാനാകും.

അപ്പോസ്തലനായ പൌലോസിനു (എഫെ. 3:1–9, കൊലൊ. 1:24–26, റോമ. 16:25,26, 1തിമോ. 2:4–7, തീത്തോ. 1:2,3, മുതലായവ) വെളിവാക്കപ്പെടും വരെ ഒളിക്കപ്പെട്ട മർമ്മമാണ്. ***ഇക്കാലത്തിന്റെ കൃപാപരിക്രമം*** ക്രിസ്തുശരീരം എന്നതിന്റെ സിദ്ധാന്തവും സ്ഥിതിയും നടത്തയും ഭാഗധേയവും പൌലോസിന്റെ കൃതികളിൽ ***മാത്രമാണ്*** നാം കണ്ടെത്തുന്നത്. ഓർക്കുക: ദൈവവചനം ***ആസകലം*** നമുക്കു***വേണ്ടി***യാണെന്നിരിക്കെ ദൈവവചനം മുഴുവൻ ***നമ്മോടോ*** നമ്മെ ***പറ്റിയോ*** എഴുതപ്പെട്ടതല്ല. ഇതത്രേ ബൈബിൾ ജ്ഞാനത്തിന്റെ ***താക്കോൽ.***

**കൂടുതൽ വിവരത്തിനും തുണയ്ക്കും എഴുതുക.**

**PUBLISHED BY**

*Grace School of the Bible*
www.graceimpact.org

# സത്യ വചനത്തെ നേരായി വിഭാഗിക്കുക

# “സത്യവചനത്തെ നേരായി വിഭാഗിക്കുക”

(2 തിമൊഥെയൊസ് 2:15)

